# മതസംഘടനകളുടെ അജണ്ടയെന്ത്?

**കക്ഷിമാത്സര്യത്തിലും** പക്ഷപാതിത്വത്തിലും അകപ്പെട്ട മതസംഘടനകൾക്ക് യാഥാർഥ്യബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംഘടനയിലേക്ക് ആളുകളെ കൂട്ടാനും ഉള്ളവരെ നിലനിർത്താനുമുള്ള ശ്രമങ്ങൾക്കുപരി അണികളിൽ ദൈവിക ബോധവും ജീവിതവിശുദ്ധിയും വളർത്തിയെടുക്കാനുള്ള ബോധപൂർവമായ പ്രവർത്തനങ്ങൾ അവരിൽ നിന്ന് വേണ്ടത്ര ഉണ്ടാകുന്നില്ല. വാദപ്രതിവാദങ്ങളിലൂടെയും മറ്റും എതിരാളികൾക്കെതിരെ രൂക്ഷമായ കടന്നാക്രമണം നടത്തുമ്പോൾഅനുഭവിക്കുന്ന ഉന്മാദത്തിനപ്പുറം ദൈനംദിന ജീവിതത്തിലഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടാനാവശ്യമായ ആദർശപരമായ കരുത്ത് സംഘടനാ പ്രവർത്തകരിൽ പൊതുവെ കുറഞ്ഞുവരികയാണ്. സാമാന്യ മര്യാദകൾ പോലും പാലിക്കാതെ നടത്തുന്ന പരിപാടികളുടെ ഒരേയൊരു ലക്ഷ്യം 'ശത്രു'ക്കളെ പരാജയപ്പെടുത്തുക എന്നതുമാത്രമാണ്. ഇത്തരം മതകോലാഹല വേദികളിലേക്ക് പാഞ്ഞടുക്കുന്ന ആൾക്കൂട്ടത്തിന്റെ കൈയടിയിലും ആഹ്ലാദാരവങ്ങളിലും സായൂജ്യം കണ്ടെത്തുന്ന സംഘടനാ നേതാക്കളും പ്രസംഗകരും ഈ സമുദായത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്?

ഇസ്‌ലാമിന്റെ സമാധാന സന്ദേശവും മാനവിക മൂല്യങ്ങളും വിളംബരം ചെയ്യുന്ന കാമ്പയിനുകളുടെ പരമ്പര തന്നെ സംഘടിപ്പിക്കുന്നവർ ഒരേ ആദർശത്തിൽ വിശ്വസിക്കുന്ന സഹോദര സംഘടനകളോട് അൽപം വിട്ടുവീഴ്ചയും സഹിഷ്ണുതയും കാണിക്കാൻ പോലും തയാറാകുന്നില്ല. എന്നാൽ തികഞ്ഞ മതവിരുദ്ധരെയും ഫാഷിസ്റ്റുകളെയും വരെ സ്വന്തം വേദിയിലും സ്ഥാപനത്തിലും കൊണ്ടുവന്ന് ആദരിക്കാനൊട്ടും മടിയുമില്ല.

ആദർശത്തിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും തയാറല്ല എന്നാണ് ചിലരുടെ വാദം. എന്നാൽ 'മുസ്‌ലിം സൗഹൃദവേദി' എന്ന പൊതുകൂട്ടായ്മ നിലനിന്നിരുന്ന ഘട്ടത്തിൽ പരസ്പരമുള്ള ചീത്തപറച്ചിൽ ഒരു പരിധിവരെ നിയന്ത്രണ വിധേയമായിരുന്നു. അപ്പോൾ പ്രശ്നം ആദർശപരമെന്നതിലുപരി മറ്റെന്തൊക്കെയോ ആണെന്നു വ്യക്തം. ജീവിത സംസ്കരണത്തിന്റെ കാര്യത്തിൽ ഈ വീറും വാശിയും ആരിലും കാണുന്നുമില്ല. വീടു നിർമാണം, വിവാഹം, സമ്പാദ്യ മാർഗം, ജീവിതരീതി, ഗൃഹാന്തരീക്ഷം തുടങ്ങിയ മേഖലകളിലൊക്കെ തികഞ്ഞ കുത്തഴിച്ചിലാണ് പൊതുവെ മുസ്‌ലിംകളിൽ കണ്ടുകൊണ്ടിരിക്കുന്നത്.

ഇരുപത്തിനാല് മണിക്കൂറും വിനോദ മാധ്യമങ്ങളുടെ ബഹളം കൊണ്ട് ശബ്ദമുഖരിതമാണ് നമ്മുടെ ഗൃഹാന്തരീക്ഷം. ശാന്തമായ മനസ്സോടെ അൽപം ഖുർആൻ പാരായണം ചെയ്യാൻ പോലും പറ്റാത്ത അവസ്ഥയാണ് മതപ്രവർത്തകരുടെ വീടുകളിലെങ്കിൽ മറ്റുള്ളവരുടേത് എന്തു പറയാനാണ്? മദ്യം, മയക്കുമരുന്ന്, കൊലപാതകം, പിടിച്ചുപറി, വ്യഭിചാരം, പലിശ തുടങ്ങിയ തിന്മകളെല്ലാം സകല അതിർവരമ്പുകളും തകർത്ത് നമുക്കിടയിൽ ഒഴകിപ്പരക്കുമ്പോഴും നമ്മുടെ മുഖ്യ ചർച്ചാ വിഷയം ഖുനൂത്തും കൂട്ടുപ്രാർഥനയും നബിദിനവുമൊക്കെയാണെന്ന് വരുന്നത് എന്തുമാത്രം ഖേദകരമാണ്. ഈ സമുദായത്തെയും രാജ്യത്തെയും നേർവഴിക്ക് നയിക്കാനിനി ആരാണ് വരാനുള്ളത്?

എൽ.സി.ഡിയുടെ സഹായത്തോടെ നടക്കുന്ന ഖണ്ഡന മണ്ഡന തെറി പ്രഭാഷണങ്ങളിൽ ആനന്ദം കണ്ടെത്തുമ്പോൾ മറുവശത്ത് മദ്യത്തിലും മദിരാക്ഷിയിലും 'ജീവിതാനന്ദം' കണ്ടെത്തുന്ന സമുദായാംഗങ്ങളായ യുവാക്കളുടെ എണ്ണം വർധിച്ചു വരുന്നത് കാണാതെ പോകുന്നു. വളരെ മോശമായ സാഹചര്യങ്ങളിലൂടെയാണ് സമുദായവും രാജ്യവും പോയിക്കൊണ്ടിരിക്കുന്നത്. സംഘടനാപരമായ സങ്കുചിതത്വങ്ങളും താൽപര്യങ്ങളും മാറ്റിവെച്ച് ഇസ്‌ലാമികാടിത്തറയിൽനിന്നുകൊണ്ട് കാര്യങ്ങൾ വിലയിരുത്താനും പരിഹാര ശ്രമങ്ങൾ നടത്താനും നമുക്ക് കഴിയുന്നില്ലെങ്കിൽ അതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവരുമെന്ന് എല്ലാവർക്കും ഓർമയുണ്ടായിരിക്കണം.

**അബ്ദുൽ അസീസ് വെളിമുക്ക്**




## ആ അർഥം ശരിയാണോ?

**ഹസനുൽ** ബന്നായുടെ 'ഐക്യവും പാപമോചനവും' എന്ന ലേഖനത്തിൽ ഖുർആൻ പാരായണവും മാനസിക ഇണക്കവുമായി ബന്ധപ്പെട്ട ഹദീസിനു 'നിങ്ങളുടെ ഹൃദയങ്ങളെ പരസ്പരം ഇണക്കാൻ സഹായിക്കുന്നേടത്തോളം നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക. നിങ്ങൾ ഭിന്നിക്കുകയാണെങ്കിൽ ഉടൻ പിരിഞ്ഞുപോവുക' എന്ന അർഥം ശരിയോ എന്നൊരു സംശയം. ഹദീസ്: 'ഇഖ്‌റഉൽഖുർആന മഅ്തലഫത് അലൈഹി ഖുലൂബുകും ഫഇദാ ഇഖ്തലഫ്തും ഫഖൂമൂ അൻഹു' എന്നാണല്ലോ. അപ്പോൾ അർഥം ഇങ്ങനെയല്ലേ: 'നിങ്ങളുടെ ഹൃദയങ്ങൾക്ക് ഖുർആനുമായി ഇണക്കമുള്ളപ്പോൾ നിങ്ങളതു പാരായണം ചെയ്തുകൊള്ളുക. നിങ്ങൾക്ക് ഇണക്കക്കേട് ഉണ്ടാവുമ്പോൾ നിങ്ങൾ എഴുന്നേറ്റു പോയിക്കൊള്ളുവിൻ.' ഖുർആനും വ്യക്തിയും തമ്മിലുള്ള ബന്ധത്തെയാണല്ലോ അത് സൂചിപ്പിക്കുന്നത്. അല്ലാതെ വ്യക്തിയും വ്യക്തിയും തമ്മിലുള്ള ബന്ധത്തെയല്ലല്ലോ.

**ഫ്ര. പി അബ്ദുല്ല**
**കൊയിലാണ്ടി**

## jihkerala.org

മലപ്പുറത്ത് സംഘടിപ്പിച്ച ജമാഅത്തെ ഇസ്‌ലാമി നയവിശദീകരണ സമ്മേളനത്തിൽ ഹൽഖാ അമീർ ടി. ആരിഫലിയും സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാനും ചെയ്ത പ്രസംഗങ്ങളുടെ വീഡിയോ ജമാഅത്ത് സൈറ്റിൽ.

## ഖത്വീബിന്റെ ശ്രദ്ധക്ക്

**സി.കെ.എം** മാറഞ്ചേരിയുടെ 'ഖത്വീബു മാർ വായിച്ചറിയാൻ' എന്ന കത്താണ് ഇതെഴുതാൻ പ്രേരണ. ചില ഖത്വീബുമാർ മിമ്പറിൽ കയറിയാൽ കുടുങ്ങിയതുതന്നെ. സാധാരണ സംഗമമാണെങ്കിൽ എഴുന്നേറ്റ് പോകാമായിരുന്നു. ഖുത്വ്ബയായതിനാൽ അതിന് പറ്റില്ലല്ലോ. മിമ്പറിൽ കയറിയാൽ അവർ സമയം ശ്രദ്ധിക്കാറേയില്ല. അത്തരം പള്ളികളിൽ പലരും വരാതിരിക്കുന്ന അനുഭവമുണ്ട്. ഖുത്വ്ബ പീഡനമാകുന്ന അവസ്ഥ! 25–30 മിനിറ്റിലധികം പറയുന്ന ഖുത്വ്ബ എത്ര നല്ലതാണെങ്കിലും അരോചകമാണ്. പള്ളിയിലിരിക്കുന്നവരിൽ സുഖമില്ലാത്തവരും സ്ത്രീകളും കുട്ടികളും ഉദ്യോഗസ്ഥരും യാത്രക്കാരും ഉണ്ടെന്ന കാര്യം ഖത്വീബ് ഓർക്കുകതന്നെ വേണം. ഒരു കാര്യവും കൂടി. എന്നും കാലിക വിഷയങ്ങളും അന്താരാഷ്ട്ര പ്രശ്നങ്ങളും ജീവിത വ്യവസ്ഥയും പറയാതെ നമസ്കാരത്തിന്റെയും മറ്റു ആരാധനാ കർമങ്ങളുടെയും പ്രാധാന്യവും ഖുത്വ്ബയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**പി. ജമാൽ കൊണ്ടോട്ടി**

## ഡാർവിന്റെ 'ഇസം'

**'ഡാർവിനിസത്തിനു** പിന്നിൽ' എന്ന തലക്കെട്ടിൽ (ലക്കം 42) നാദിറ അമീർ കരുവാരകുണ്ടിന്റെ കത്ത് വേറിട്ട ചിന്തകൾക്ക് വഴിയൊരുക്കുന്നുണ്ട്. ഡാർവിനിസത്തെ പറ്റി വർഷങ്ങളായി ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും ഡാർവിനെന്ന വ്യക്തിയെക്കുറിച്ചോ ഡാർവിനിസം പ്രതിപാദിക്കുന്ന വെബ് സൈറ്റുകളെക്കുറിച്ചോ ഒരു ചർച്ചയും നടക്കാറില്ല.

ഡാർവിൻ ആയിരക്കണക്കിന് കത്തുകൾ എഴുതിയിട്ടുണ്ട്. ഇതിൽ ചിലത് ഇന്റർനെറ്റിൽ ലഭ്യവുമാണ്. ഇത്രയധികം കത്തുകളെഴുതാൻ ഡാർവിനുണ്ടായ പ്രചോദനമെന്തെന്ന് ചർച്ച ചെയ്യപ്പെട്ടിട്ടില്ല. ഡാർവിൻ മതഗ്രന്ഥങ്ങൾ വായിക്കുന്ന പ്രകൃതക്കാരനാണെന്ന് അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിച്ചാൽ ബോധ്യപ്പെടുന്നതാണ്.

ദൈവധിക്കാരം കാണിച്ചതിന്റെ പേരിൽ കുരങ്ങന്മാരാക്കപ്പെട്ട ഒരു വിഭാഗത്തെക്കുറിച്ച വിശുദ്ധ ഖുർആൻ വാക്കുകൾ ഡാർവിനെ പ്രകോപിപ്പിച്ചോ എന്ന് ചർച്ചയാകേണ്ടതാണ്.

**റൈഹാന വടകര**

## സ്നേഹം വഴിഞ്ഞൊഴുകട്ടെ

**'സ്നേഹം** പ്രകടിപ്പിക്കാനുള്ളതാണ്; മനസ്സിൽ കൊണ്ടുനടക്കാനുള്ളതല്ല' –ലക്കം 36 –ലെ 'വഴിവെളിച്ച'ത്തിലെ അവസാന വാചകം. ഇത്തിരി സ്നേഹത്തിനു വേണ്ടി കൊതിക്കുന്ന എത്രയോ മനുഷ്യർ നമുക്ക് ചുറ്റും നിസ്സഹായരായി കഴിഞ്ഞുകൂടുന്നു. രോഗവും വാർധക്യവും മൂലം ഒറ്റപ്പെട്ട് കഴിയുന്നവർ, അപ്രതീക്ഷിതമായി ഇണകളെയും മക്കളെയും നഷ്ടപ്പെട്ടവർ അനുഭവിക്കുന്ന ദുഃഖത്തിനു സമാനതകളില്ല. സ്നേഹത്തോടെ ഒരു തലോടൽ, ആശ്വാസമേകുന്ന ഏതാനും വാക്കുകൾ ഇത്തരക്കാരിൽ ഉണ്ടാക്കുന്ന ആത്മവിശ്വാസത്തിന് അതിരുകളില്ല. കിടപ്പറയിലും വീട്ടകങ്ങളിലും പരിമിതപ്പെടുത്താതെ നിസ്സഹായരിലേക്ക് വഴിഞ്ഞൊഴുകേണ്ട സ്നേഹം പക്ഷേ, പലരും പ്രകടിപ്പിക്കുന്നില്ലെന്നു മാത്രമല്ല, കെട്ടിപ്പൂട്ടി മനസ്സിൽ കൊണ്ടുനടക്കുകയും ചെയ്യുന്നു.

ഈയിടെ ദമ്മാം സെൻട്രൽ ആശുപത്രിയിൽ, ശരീരത്തിന്റെ കോശങ്ങൾ ഇൻഫക്ഷൻ ബാധിച്ച് അതിവേഗം നശിച്ചുകൊണ്ടിരിക്കുന്ന അപൂർവരോഗത്തിന് അടിപ്പെട്ട നാലു കുട്ടികളുടെ പിതാവായ മലപ്പുറം ജില്ലക്കാരനെ ഐ.ആർ.ഡബ്ലിയു പ്രവർത്തകർക്കൊപ്പം സന്ദർശിച്ചു. മാനസികമായി തകർന്ന അദ്ദേഹത്തിന് ആവശ്യമായിരുന്നത് ഇത്തിരി സ്നേഹമായിരുന്നു. ദമ്മാമിലെ സംഘടനകളുടെ അവസരോചിതമായ ഇടപെടൽ മൂലം നാലു മാസത്തെ ചികിത്സക്കു ശേഷം നാട്ടിലേക്ക് തിരിക്കും മുമ്പ് നൽകിയ യാത്രയയപ്പിൽ വികാരാധീനനായി അദ്ദേഹം പഞ്ഞത്, ശരീരത്തിന് ലഭിച്ച ചികിത്സയേക്കാൾ ഈ സ്നേഹവും സാന്ത്വനവും തലോടലുമാണ് തനിക്ക് ആശ്വാസം പകർന്നത് എന്നാണ്.

കുടുംബപ്രശ്നത്തിൽ ഭർത്താവ് കൊല്ലപ്പെട്ട വീട്ടമ്മയുടെ വീട് സന്ദർശിച്ചപ്പോൾ അവർക്ക് പറയാനുണ്ടായിരുന്നത്, കുറ്റപ്പെടുത്താനും ഒറ്റപ്പെടുത്താനും പലരുമുണ്ട്, ഇത്തിരി സ്നേഹമോ ആശ്വാസവാക്കുകളോ പറഞ്ഞുതരാൻ ആരുമില്ലെന്നായിരുന്നു. ഗൾഫിൽ ഭർത്താവും കൊച്ചു കുഞ്ഞുങ്ങളുമൊത്ത് കഴിയവേ ആക്സ്മികമായി അപകടത്തിൽപെട്ട് വിടപറഞ്ഞ പ്രിയതമന്റെ ഓർമകളുമായി നാട്ടിൽ കഴിയുന്ന യുവതിയെയും മകൻ നഷ്ടപ്പെട്ട ഉമ്മയെയും സന്ദർശിച്ച് ക്ഷമയുടെയും സഹനത്തിന്റെയും പാത സ്വീകരിക്കാൻ ഉപദേശിച്ച് പിരിയാൻ നേരം ഉമ്മ കണ്ണീരൊഴുക്കി പറഞ്ഞത് വന്നതിലും ആശ്വസിപ്പിച്ചതിലും സന്തോഷമുണ്ട്, പ്രാർഥിക്കണമെന്നായിരുന്നു.

ഇത്തരത്തിൽ സ്നേഹത്തിനും സാന്ത്വനത്തിനും വേണ്ടി വെമ്പൽകൊള്ളുന്നനിരവധി പേർ നമുക്കു ചുറ്റും വേദന തിന്നു കഴിയുന്നു. അവരിലേക്കൊന്നിറങ്ങിത്തിരിക്കാൻ നമുക്ക് കഴിഞ്ഞെങ്കിൽ പലരുടെയും മനസ്സിലെ വേദനകൾക്ക് ഇത്തിരിയെങ്കിലും ആശ്വാസം നൽകാൻ കഴിയും.

**എ.എച്ച് മുളയ്ക്കൽ**
**കൊയിലാണ്ടി**

## ലൈബ്രറികൾക്ക് ഗവൺമെന്റ് അനുവദിച്ച ഐ.പി.എച്ച് പുസ്തകങ്ങൾ

**താഴെ** കൊടുക്കുന്ന പുസ്തകങ്ങൾ ലൈബ്രറികൾക്ക് ഗവൺമെന്റ് അനുവദിച്ച പുസ്തകങ്ങളിൽ ഉൾപ്പെടുന്നതാണ് (1980 G.O.P.R. 265195/80 Dt: 31.7.80, 1980 സെപ്റ്റംബർ 9ലെ കേരള ഗവൺമെന്റ് ഗസറ്റ്).

1. ബുദ്ധിയുടെ വിധി (മൗലാനാ മൗദൂദി)
2. യാഥാർഥ്യാന്വേഷണം (വഹീദുദ്ദീൻഖാൻ)
3. മുഹമ്മദ് മഹാനായ പ്രവാചകൻ (പ്രഫ. രാമകൃഷ്ണ റാവു)
4. കാരുണ്യത്തിന്റെ പ്രവാചകൻ (നാഥുറാം)
5. ഇസ്‌ലാംമതം (മൗലാനാ മൗദൂദി)

വായനശാലകൾക്കും സ്കൂൾ –കോളേജുകൾക്കും ഗവൺമെന്റ് ധനസഹായത്തോടെ ഇവ വാങ്ങിക്കൊടുക്കാവുന്നതാണ്. ഇസ്‌ലാമിക പ്രവർത്തകർ ഈ വിഷയം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഹൽഖകളുടെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ അധികൃതരുമായി ബന്ധപ്പെട്ട് ഇത് ചെയ്യാവുന്നതാണ്.

**പി.പി മുഹമ്മദ് മാസ്റ്റർ**
**വാരം, കണ്ണൂർ**

## ജമാഅത്ത്, ഐ.എസ്.ടി സ്ഥാപനങ്ങൾക്ക് അവധി

**കോഴിക്കോട്:** ഐ.എസ്.ടി റിക്രിയേഷൻ ക്ലബ്ബ് കുടുംബമേള പ്രമാണിച്ച് കേരള ജമാഅത്ത് ഹൽഖാ കേന്ദ്രത്തിലെ മുഴുവൻ ഓഫീസുകൾക്കും ഐ.പി.എച്ച് ഡയറക്ടറേറ്റിനും ഐ.പി.എച്ച് ഷോറൂമുകൾക്കും മജ്‌ലിസ്, കിം, പ്രബോധനം, ബോധനം, ആരാമം, മലർവാടി എന്നീ സ്ഥാപനങ്ങൾക്കും 18.04.2009 ശനിയാഴ്ച അവധിയായിരിക്കും

സെക്രട്ടറി
ജമാഅത്തെ ഇസ്‌ലാമി കേരള ഹൽഖ